തുടങ്ങിയിട്ടുള്ളൂ. പരമാവധി ഫയർമാന്മാരെ ലിസ്റ്റിൽ നിന്നും എടുക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇപ്രകാരം നടപടി എടുത്തിട്ടുള്ളത്. ബാക്കി 10 ഫയർ സ്റ്റേഷനുകളിലേക്കും കൂടി അഡ്വൈസ് ചെയ്ത് 240 ഫയർമാന്മാരുടെ വെരിഫിക്കേഷൻ നടന്നു കൊണ്ടിരിക്കുകയാണ്. ഇതുവരെ 1145 ഒഴിവുകൾ നോൺ ജോയിനിംഗ് ഡ്യൂട്ടി ഉൾപ്പെടെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 127 ഉദ്യോഗാർത്ഥികൾക്കുകൂടി ഇനിയും പി.എസ്.സി അഡ്വൈസ് ചെയ്യാനുണ്ട്. ഇതു കൂടാതെ മുക്കം ഫയർസ്റ്റേഷനിലേക്ക് 24 ഫയർമാന്മാരെ കൂടി അഡ്വൈസ് ചെയ്യാൻ പി.എസ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: ഇന്ന് ലാസ്റ്റ് ഡേറ്റാണ്. നീട്ടികൊടുക്കുന്നെങ്കിൽ ഇന്ന് കൊടുക്കണം. ഇന്ന് നിർദ്ദേശം കൊടുത്താൽ മാത്രമേ ആ ലിസ്റ്റിൽ നിന്നും ആളുകളെ എടുക്കാൻ പറ്റൂ. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി, ഇന്ന് ലാസ്റ്റ് ഡേറ്റാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): ഫയർ സ്റ്റേഷനിലേക്ക് ഫയർമാന്മാരെ അഡ്വൈസ് ചെയ്യാൻ പി.എസ്.സി യോട് ആവശ്യപ്പെട്ട് കഴിഞ്ഞു.

മി. സ്പീക്കർ: അത് നോക്കിക്കൊണ്ടാൽ മതി. ഇന്ന് എഴുതിയാൽ മതി.

## 14. തിരുവനന്തപുരം ആർ.സി.സി.യിൽ പ്രൈവറ്റ് പേഷ്യന്റ്സ് ക്ലീനിക് ആരംഭിച്ചതിനെ തുടർന്നുള്ള പ്രശ്നങ്ങൾ

ശ്രീ. എം. മുരളി: സർ, മരണം കാത്ത് കിടക്കുന്ന നമ്മുടെ കാൻസർ രോഗികളുടെ അഭയ കേന്ദ്രമായ ആർ.സി.സിയെ ഒരു പഞ്ചനക്ഷത്ര ഹോട്ടലായും, ഒരു പഞ്ചനക്ഷത്ര ആശുപത്രിയായും മാറ്റുന്ന ഡോക്ടർ കൃഷ്ണൻ നായരുടെ നടപടിക്ക് ചൂട്ടുപിടിക്കുന്ന ഈ ഗവൺമെന്റിന്റെ നിർഭാഗ്യകരമായ നിലപാട് 8 മാസങ്ങൾക്ക് മുമ്പ് ആരംഭിച്ചു. പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക് ആരംഭിച്ച് കഴിഞ്ഞാൽ പണക്കാരുടെ മാത്രം കേന്ദ്രമായി ആർ.സി.സി മാറും. പാവപ്പെട്ടവർക്ക് അവസാന നാളുകളിൽ, മരണത്തിന്റെ നാളുകളിൽ അവിടെ രോഗത്തിന് ചികിത്സയ്ക്ക് അഭയം തേടാൻ പോലും കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്ന് രണ്ട് സന്ദർഭങ്ങളിൽ സബ്മിഷനിലൂടെ ഞാൻ ഇവിടെ പറഞ്ഞപ്പോൾ അങ്ങ് പുച്ഛിച്ചു തള്ളി. ഞാൻ ഉൾപ്പെടെയുള്ള അപ്പുറത്തും ഇപ്പുറത്തുമുള്ള 90 എം.എൽ.എ മാരും മുഖ്യമന്ത്രിക്കും അങ്ങേയ്ക്കും കത്ത് തന്നപ്പോൾ അങ്ങ് ഡോക്ടർ കൃഷ്ണൻ നായർ എഴുതി തന്ന ഒരു മറുപടി ഞങ്ങൾക്ക് വിതരണം ചെയ്തുകൊണ്ട് ഈ നിർഭാഗ്യകരമായ നടപടിയെ പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക്കിനെ ന്യായീകരിക്കുവാൻ ശ്രമിച്ചു. 300 രൂപ കൊടുക്കാതെ ഒരു രോഗിയെ പരിശോധിക്കുകയില്ല. പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക്കിൽ വീണ്ടും ഏർപ്പെടുത്തിയ മറ്റൊരു തെറ്റായ നടപടി രണ്ടാഴ്ചയിലൊരിക്കൽ ഈ പാവപ്പെട്ട രോഗി വീണ്ടും പണം കൊടുത്ത് അത് പുതുക്കിയില്ലെങ്കിൽ ആ രോഗിക്ക് ചികിത്സ കൊടുക്കുകയില്ല. മഹാനായ അച്യുതമേനോൻ സ്ഥാപിച്ച കേരളത്തിലെ കാൻസർ രോഗികൾക്ക് ഒരു അഭയ-ആശ്രയ കേന്ദ്രമായി മാറിയ, അവരുടെ അവസാന നാളുകളിൽ അവർക്ക് ആശ്വാസം പകർന്ന ആർ.സി.സിയെ തകർക്കുന്ന ഒരു നടപടി വീണ്ടും ഡോക്ടർ കൃഷ്ണൻ നായരും അങ്ങും ഇപ്പോൾ സ്വീകരിച്ചിരിക്കുകയാണ്. ഇവിടെ പ്രൈവറ്റ് പേഷ്യന്റ്സ് ക്ലിനിക്കിനെ ന്യായീകരിച്ച അങ്ങ് ഇതിനെയും ന്യായീ

LIBRARY ARCHIVES Kerala Legislative Assembly

കരിക്കുവാൻ പോകുകയാണ് എന്ന് എനിക്കറിയാം. പുതിയ ഒരു പരിഷ്ക്കാരം മറ്റന്നാൾ മുതൽ കൊണ്ടുവരാൻ പോകുന്നു, 14-ാം തീയതി മുതൽ Multi Disciplinary Clinic അല്ലെങ്കിൽ Sight Specific Clinic.

സർ, ഖേദകരമാണ്. ആർ.സി.സിയെ തകർക്കുന്ന നടപടിയുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് അങ്ങും കൃഷ്ണൻ നായരും പ്രവേശിക്കുവാൻ പോകുക യാണ്. ഇപ്പോൾ ഏർപ്പെടുത്താൻ പോകുന്നത് എന്താണ്? കാൻസർ ഒരു രോഗിക്ക് ബാധിച്ചാൽ രോഗി എത്തിക്കഴിഞ്ഞാൽ ഓരോ അവയവങ്ങളും ഓരോരുത്തർ പരിശോധിക്കണമെന്നാണ് പറയുന്നത്, അത് ഗുണനിലവാരം മെച്ചപ്പെടുത്താനോ, വിദഗ്ദ്ധ ചികിത്സ നൽകാനോ ആണെങ്കിൽ പരിശോ ധിക്കാം. അങ്ങയുടെ മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ കേരളത്തിലെ ആശുപത്രികളിലും ആർ.സി.സിയിലും ഉള്ള യൂണിറ്റ് സമ്പ്രദായം തകർക്കു വാൻ ഒരു സംഘം വിദഗ്ദ്ധ ഡോക്ടർമാർ ഇരുന്നുകൊണ്ട് കാൻസർ പോലെ യുള്ള ഒരു രോഗം ബാധിച്ച ഒരു രോഗിയെ പൂർണ്ണമായി പരിശോധിച്ച് കൂട്ടായ അഭിപ്രായത്തിലൂടെ ആ ജീവൻ രക്ഷിക്കുവാൻ നടത്തുന്ന ശ്രമത്തിന് വിരാമം കുറിച്ചുകൊണ്ട് ഓരോ അവയവങ്ങൾ പരിശോധിക്കുകയെന്ന് പറഞ്ഞാൽ അതിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യമില്ലാത്ത ഈ ഡോക്ടർമാരെ ഈ രോഗി യുടെ ശരീരവും ജീവനും ഏൽപ്പിക്കുകയെന്ന് പറഞ്ഞാൽ ഈ പരിഷ്ക്കാരം സ്ഥാപിത താൽപ്പര്യം രക്ഷിക്കുവാൻ വേണ്ടി മാത്രമാണ്. പ്രൈവറ്റ് പേഷ്യന്റ് ക്ലിനിക് വന്നതോടെ പഞ്ചനക്ഷത്ര ആശുപത്രിയായി മാറിയ ഈ ആർ.സി. സി. യെ പണക്കാരുടെ കൈയിൽ ഒതുക്കാനും ആർ.സി.സി.യെ ചില സ്ഥാപിത താൽപ്പര്യങ്ങൾക്ക് മുൻപിൽ അടിയറ വയ്ക്കാനും കേരളത്തിന്റെ അഭിമാനം എന്ന് വിശേഷിപ്പിക്കാവുന്ന ആർ.സി.സി.യെ ഇല്ലാതാക്കുവാനും ഉള്ള പരിശ്രമങ്ങൾക്ക് അങ്ങ് നേതൃത്വം നൽകരുത്. കേരളത്തിന്റെ മെഡി ക്കൽ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും വിനാശകരമായ ചില പ്രവ ണതകൾക്ക് തുടക്കം കുറിച്ച അങ്ങ് ആർ.സി.സി.യെ എങ്കിലും വെറുതെ വിട ണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖ ദാസ്) : സർ, പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കണമെന്നുള്ളത് ഇവിടെ ധാരാളം ചർച്ച ചെയ്തതാണ്. അതിന്റെ അടിസ്ഥാനത്തിൽ ജയചന്ദ്രൻ കമ്മീ ഷനെ വച്ചു, ജയചന്ദ്രൻ കമ്മീഷൻ ആവശ്യപ്പെട്ടത് ആർ.സി.സി.യിൽനിന്നും തുടങ്ങി പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കണമെന്നാണ്. അതിന്റെ അടിസ്ഥാന ത്തിൽ ആർ.സി.സി.യിൽ തീരുമാനിച്ചു. അങ്ങനെ തീരുമാനമെടുക്കുമ്പോൾ വന്ന ഒരു വാദം സ്വകാര്യ മേഖലയിൽ പ്രൈവറ്റ് പ്രാക്ടീസിന് പോകുന്ന ചില ഡോക്ടർമാർക്ക് പ്രത്യേക ദിവസങ്ങളിൽ ആ ഒ.പി.യിൽ ഡോക്ടർ ഇല്ലെങ്കിൽ ആ ഡോക്ടറെ കാണാൻ എന്താണ് വഴി? അതിനുള്ള പരിഹാര മാർഗ്ഗമായിരുന്നു പേ ക്ലിനിക്. പേ ക്ലിനിക് ഈ ആർ.സി.സി.യിൽ ഏർപ്പെടു ത്തിയത്, സ്വകാര്യ മേഖലയിൽ പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കുന്നതിന് എതിരായിട്ട് ആണെങ്കിൽ അതിന് വേറൊരു ചർച്ച വേണം. കേരളത്തിൽ നട ക്കുന്ന ചർച്ച, ജനുവരി ഫെബ്രുവരി മാർച്ച് മാസം അവിടെ ഒ.പി.യിൽ വന്ന രോഗികൾ 2247 പേരാണ്. പേ ക്ലിനിക്കിൽ വന്നത് 125 പേരാണ്. ഈ 125 പേർ പ്രത്യേക ദിവസത്തിൽ ഒ.പി.യിൽ വന്ന് ഡോക്ടറെ കാണാൻ അവർക്ക് വയ്യ, അതുകൊണ്ട് അവർക്ക് വീട്ടിൽ പോയി കാണണം, ഒക്കില്ല, ഒക്കാതെ വരു മ്പോൾ ഒ.പി. ഡ്യൂട്ടിക്ക് ബാധകമാകാത്ത മറ്റുള്ള സമയം, ഒരു ഡോക്ടർക്ക് ആ വ്യക്തിയെതന്നെ കാണണമെങ്കിൽ, ആ വ്യക്തിക്ക് ആ ഡോക്ടറെ തന്നെ



LIBRARY ARCHIVES Kerala Legislative Assembly

കാണണമെങ്കിൽ അനുവാദം കൊടുക്കും. അതിന് ഒരു വ്യവസ്ഥ വച്ചു, അതിന് കാശ് കൊടുക്കണം. ആ കാശ് ഡോക്ടർക്ക് അല്ല, ഈ സ്ഥാപനത്തിനാണ്, ആ സ്ഥാപനത്തിന് ആ കാരണത്താൽ ഏകദേശം 7,66,037 രൂപ ലഭിച്ചിട്ടുണ്ട്. ഇവിടെ സംസാരിക്കുന്നത് കേട്ടാൽ തോന്നും ഡോക്ടർമാർക്ക് ഈ കാശ് കിട്ടുമോ? കിട്ടുകയില്ല. ഒ.പി. യിൽ കാശ് വാങ്ങുന്നില്ല. ഒ.പി. വേറെ, പേ ക്ലിനിക്കിന് എതിരായിട്ടാണ് ആക്ഷേപം. പേ ക്ലിനിക്കിൽ വന്നത് 125 പേരും. പഞ്ചനക്ഷത്ര ഹോട്ടലിന്റെ സൗകര്യം അവിടെയുണ്ട്. അത് ആർ.സി.സി.യിൽ ആദ്യകാലം മുതൽ ഉണ്ടാക്കിയ സംവിധാനങ്ങളുടെ ഭാഗമാണ്. ഇന്ത്യയിൽ ഏറ്റവും നല്ല റീജിയണൽ കാൻസർ സെന്ററുകളിൽ ഒന്നായി ഇത് മാറും. അങ്ങനെ മാറ്റുമ്പോൾ പലർക്കും അത് സ്വകാര്യ പ്രാക്ടീസുമായി ബന്ധപ്പെട്ട് പൊരുത്തക്കേടുണ്ടെങ്കിൽ ആ പൊരുത്തക്കേടിന് എന്തെല്ലാം ആക്ഷേപം ഡോക്ടർ കൃഷ്ണൻനായരെക്കുറിച്ച് പറഞ്ഞാലും അദ്ദേഹം സഹിച്ചോട്ടെ, എന്നെക്കുറിച്ച് പറഞ്ഞാൽ ഞാൻ കേൾക്കുന്നു. അതായത് സ്വകാര്യ പ്രാക്ടീസ് നിറുത്തലാക്കിയതിന്റെ ഫലമായി ആർക്കെങ്കിലും ഈ സ്ഥാപനത്തോട് അമർഷം തോന്നിയിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുരളി അങ്ങ് കുറച്ചു കൂടി ആലോചിക്കണം. അദ്ദേഹം പറഞ്ഞു, ഞാൻ മറുപടി അയച്ചു എല്ലാ എം.എൽ.എ മാർക്കും. ഒരാൾപോലും തിരിച്ച് ഇത് ശരിയല്ലായെന്നു പറഞ്ഞ് അറിയിച്ചില്ല. ആ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. സമയം എടുത്താണ് എഴുതിയത്, നന്നായി എഴുതി, ഓരോരുത്തർക്കും എഴുതി. ഒരു എം. എൽ.എ. പോലും തിരിച്ച് അതിനെക്കുറിച്ച് പറഞ്ഞില്ല. ബഹുമാനപ്പെട്ട മുരളി ഇന്ന് ഇവിടെ ഉന്നയിക്കുന്നത് ഒഴിച്ചാൽ, വീണ്ടും ഒരു പുതിയ പ്രശ്നം വരുന്നുണ്ട്. എക്സ്പെർട്ട് ഡോക്ടർമാരുടെ ടീം പരിശോധിക്കണമെന്നുണ്ടെങ്കിൽ, ആ ടീം പരിശോധിക്കുന്നതിനെക്കുറിച്ച് എന്താണ് ആക്ഷേപം പറയാൻ കഴിയുക. സ്പഷ്യാലിറ്റി വിഭാഗമാണ് ആർ.സി.സി.യിൽ ഉള്ളത്. ആർ.സി.സി. യിലെ സ്പെഷ്യാലിറ്റിക്കാർ ഒന്നിച്ച് ചേർന്നിരുന്ന് ഒരു രോഗിയെ സംബന്ധിച്ചിടത്തോളം പരിശോധിക്കുകയാണ്. ആ പരിശോധനയിൽ രോഗിക്ക് ദോഷകരമാണെന്ന് കണ്ടാൽ അതിന്റെ സാങ്കേതിക കാര്യത്തെ സംബന്ധിച്ചിടത്തോളം നിലനിറുത്തിക്കൊണ്ടുതന്നെ തിരിച്ച് വിശദീകരണം ചോദിക്കാം, നടപടികൾ എടുക്കാം. ഈ ആർ.സി.സി.യിൽ നടക്കുന്ന പേ ക്ലിനിക് യഥാർത്ഥത്തിൽ രോഗികൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല, രോഗികൾക്ക് സൗകര്യമേ ഉണ്ടാക്കിയിട്ടുള്ളൂ. സാമ്പത്തിക കഴിവുള്ളവർക്ക്, രോഗിയെ പോയി കാണാൻ കഴിയുന്നവർക്ക്, ഡോക്ടർക്ക് കാശ് കൊടുക്കാൻ കഴിയുന്നവരുടെ പണം ആർ.സി.സി.ക്ക് ഉപയോഗിക്കുന്നതിൽ വിരോധമുണ്ടോ? എന്തിനാ അവരെ രക്ഷിക്കുന്നത്? കാശുള്ളവരല്ലേ പോകുന്നത്. കാശുള്ളവന്റെ പണം വാങ്ങി പാവപ്പെട്ടവർക്ക് വേണ്ടി ചെലവഴിക്കുമ്പോൾ അത് രുചിക്കുന്നില്ലായെന്നുപറഞ്ഞാൽ എനിയ്ക്ക് അതിന്റെ പൊരുൾ മനസ്സിലാക്കുന്നില്ല. അതേ ഇവിടെ ചെയ്തിട്ടുള്ളൂ. ബഹുമാനപ്പെട്ട മുരളിക്ക് എന്തോ ഒരു മുൻവിധിയുണ്ട്, അത് ആർക്ക് വേണ്ടിയാണെന്ന് എനിക്കറിഞ്ഞുകൂടാ, അദ്ദേഹം ഒന്നു കൂടി പരിശോധിക്കണം. ഞാൻ കുറ്റപ്പെടുത്തുന്നില്ല എന്നേ ഞാൻ പറയുന്നുള്ളൂ ..... (ബഹളം) .....

<u>മി. സ്പീക്കർ</u> : പ്ലീസ്, ഇത്രയധികം എം.എൽ.എ. മാർക്ക് ആശങ്കയുണ്ട്. ആ ആശങ്ക ദൂരീകരിക്കേണ്ട ബാദ്ധ്യത നമുക്കില്ലേ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ഞാൻ കത്ത് അയച്ചിട്ട് ഒരാൾപോലും മറുപടി അയച്ചില്ല, 90 എം.എൽ.എ. മാർക്ക് ഞാൻ കത്തെഴുതി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത്രയധികം 90-ഓളം എം.എൽ.എ മാർക്ക് ആശങ്കയുണ്ടെങ്കിൽ ആ ആശങ്ക ദൂരീകരിക്കേണ്ട ബാദ്ധ്യത നമുക്കില്ലേ?

ശ്രീ. എ.സി. ഷൺമുഖദാസ് : ആരും പരാതി പറഞ്ഞില്ല, ദൂരീകരിച്ചിരുന്നു. ആർക്കും പരാതി ഈ നിമിഷംവരെ ഉണ്ടായില്ല.

• മി. സ്പീക്കർ : ഓൾ റൈറ്റ്.

ശ്രീ എ.സി. ഷൺമുഖദാസ് : മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കിൽ ഡോക്ടർമാരുടെ ടീം പരിശോധിക്കുകയാണ്. ആർ.സി.സി.യുടെ സ്റ്റാൻഡേർഡ് ഉയർത്തണം. ഇന്ത്യയിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥാപനമാണ്. വിശേഷിച്ചും മറ്റ് കാര്യങ്ങൾ പരിഗണന കൊടുക്കുന്നുണ്ട്. അത് പരിശോധിക്കുന്നതാണ്.

## 15. തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി രോഗബാധ

ശ്രീ. പി.ജെ. ജോയി : സർ, കേരളത്തിൽ പൊതുവേയും മധ്യകേരളത്തിൽ പ്രത്യേകിച്ചും തെങ്ങുകൾക്ക് കണ്ടുവരുന്ന മണ്ഡരി രോഗബാധയ്ക്ക് ഒരു നിവാരണം ഉണ്ടാക്കണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളത്തിലെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്ന ഒന്നാണ് തെങ്ങുകൃഷിയുടെ തകർച്ച. തെങ്ങിനു വന്നിരിക്കുന്ന ഈ പുതിയ രോഗത്തിന് ഒരു പരിഹാരമുണ്ടാക്കണം. ശ്രീ. ടി.എം. ജേക്കബ് മൂന്നു നാലു മാസം മുമ്പ് ഈ സഭയിൽതന്നെ ഈ വിഷയം ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി അന്ന് മുളന്തുരുത്തി, എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിലൊക്കെ സന്ദർശനം നടത്തി. കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരടക്കം വന്ന് അതിന് എത്രയും വേഗം പരിഹാരമുണ്ടാക്കുമെന്നുപറഞ്ഞു പോയതല്ലാതെ ഇതുവരെ പരിഹാരം ഉണ്ടായിട്ടില്ല. വൈറ്റിലയിലുള്ള തെങ്ങു ഗവേഷണ കേന്ദ്രത്തിലെ തെങ്ങുകൾക്കു തന്നെ ഇതു പിടിപെട്ടിരിക്കുകയാണ്. നേര്യമംഗലത്തും ഇതുണ്ടായിട്ടുണ്ട്. ഇപ്പോൾ മലബാർ മേഖലയിലെ തെങ്ങുകൾക്ക് കാര്യമായി ഈ രോഗം ഇല്ലാത്തതുകൊണ്ട് അവിടെനിന്നും തെങ്ങിൻതൈ കൊണ്ടുവന്നാണ് ഈ പ്രദേശങ്ങളിലൊക്കെ സാധാരണ നിലയിൽ കൃഷി ചെയ്തുവരുന്നത്. പക്ഷെ ഇപ്പോൾ മലബാർ ഏരിയായിലും ഈ മണ്ഡരി രോഗം ബാധിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നു. സർവ്വകലാശാലയിലെ വിദഗ്ദ്ധൻമാർ വന്ന് പല പരീക്ഷണങ്ങളും നടത്തുന്നുവെന്ന് പറയുന്നത് അല്ലാതെ ഒരു പരീക്ഷണവും ഇതുവരെ വിജയിച്ചിട്ടില്ല. അതിന് തൽക്കാലത്തേയ്ക്കെങ്കിലും ഉള്ള ഒരു പരിഹാരത്തിന് പ്രതിരോധശക്തിയുള്ള തെങ്ങിൻതൈ ഉണ്ടാക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. ആ പ്രതിരോധശക്തിയുള്ള തെങ്ങിൻതൈ ഉണ്ടാക്കി വരുമ്പോഴേക്കും പുതിയ ഒരു രോഗം വരും. ആ നിലയിൽ തെങ്ങുകൃഷിയെ രക്ഷിക്കാനാകില്ല. ഈ സാഹചര്യത്തിൽ തെങ്ങിനെ സംബന്ധിച്ചിടത്തോളം തെങ്ങുകൾക്ക് ഉണ്ടാകുന്ന ഈ മണ്ഡരി രോഗത്തിന് താൽക്കാലിക പ്രതിവിധിയായിട്ട് ഒരു ഏരിയൽ സ്പ്രേയിംഗ് എങ്കിലും നടത്തി അതിനെ സഹായിക്കാൻ കഴിയണം. മണ്ഡരി രോഗബാധയ്ക്ക് ആ നിലയിൽ നിവാരണമുണ്ടാക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. പി.ജെ. ജോയി വളരെ അതിശയോക്തിപ

LIBRARY ARCHIVES Kerala Legislative Assembly